Draft #3 of File 90604/NSS SO/2024/NSS Approved by ASSISTANT REGISTRAR III (ACADEMIC) on 20-Sep-2024 11:22 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഗ്രേസ് മാർക്ക് - 2023-24 അക്കാദമിക വർഷത്തിലെ NSS പ്രവർത്തനങ്ങൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ സർവകലാശാലയുടെ NSS സെക്ഷനിൽ ഫൈൻ ഇല്ലാതെ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.08.2024-ലേക്ക് നീട്ടി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 8494/AC A 3/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.09.2024

---

*പരാമർശം:*-1. സർവകലാശാലാ ഉത്തരവ് നം. 2180/01/ACAVIII/2016 തീയതി, 16.04.2016

2. സർവകലാശാലാ ഉത്തരവ് നം. 2206/01/ACAVIII/2016 തീയതി, 16.04.2016

3. സർവകലാശാലാ ഉത്തരവ് നം. 2205/01/ACAVIII/2016 തീയതി, 16.04.2016

4. 18.07.2024 തീയതിയിലെ സർവകലാശാലാ ഉത്തരവ് നമ്പർ.6513/ EA 2/2024/എം ജി യു

5. വൈസ് ചാൻസലറുടെ 13.09.2024 തീയതിയിലെ DDFSഫയൽ നമ്പർ.90604/NSS SO/2024/NSS -ലുള്ള ഉത്തരവ്

**ഉത്തരവ്**

പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം യഥാക്രമം യു ജി , പി ജി, പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയ പരിധി അതാത് പ്രകടന വർഷത്തിലെ മെയ് 31 ആയി നിജപ്പെടുത്തിയിട്ടുള്ളതും, നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളിൽ ഫൈൻ ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ വൈകി ലഭിക്കുന്ന അപേക്ഷകളിൽ ഫൈൻ ഈടാക്കുന്നതിന്, ഗ്രേസ് മാർക്ക് അപേക്ഷകൾ സ്വീകരിക്കുന്ന DSS, NSS, SPESS വിഭാഗങ്ങളെ ചുമതലപ്പെടുത്തി കൊണ്ടും ആയതിന്റെ രസീത് സഹിതം ടി.അപേക്ഷകൾ ബന്ധപ്പെട്ട ടാബുലേഷൻ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ മാർക്ക് കൈമാറുന്നതിന് തീരുമാനിച്ചു കൊണ്ടും പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വിവിധ കോഴ്സുകൾ പഠിക്കുന്ന NSS വോളണ്ടിയർമാർക്ക് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്കിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ മുൻ കൂട്ടി നിശ്ചയിച്ച സമയത്തിന് (31.05.2024) മുൻപ് കഴിഞ്ഞിട്ടില്ല എന്നും ആയതിനാൽ ഫൈൻ ഇല്ലാതെ NSS ഗ്രേസ് മാർക്ക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അപേക്ഷകൾ സർവകലാശാലയുടെ NSS സെക്ഷനിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.08.2024 ആക്കി മാറ്റി നൽകാവുന്നതാണെന്നും ശിപാർശ ചെയ്തു കൊണ്ട് NSS പ്രോഗ്രാം കോ ഓർഡിനേറ്റർ വൈസ് ചാൻസലർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (5) പ്രകാരം പ്രസ്തുത ശിപാർശ അംഗീകരിച്ച് കൊണ്ട് 2023-24 അക്കാദമിക വർഷത്തിലെ NSS പ്രവർത്തനങ്ങൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ സർവകലാശാലയുടെ NSS സെക്ഷനിൽ ഫൈൻ ഇല്ലാതെ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.08.2024-ലേക്ക് നീട്ടിനൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി.എ.
3. എ ആർ II,III (അക്കാഡമിക് )/ ഡി ആർ II(അക്കാഡമിക് )/ ജെ ആർ II (ഭരണം)
4. ജെ.ആർ , ഡി.ആർ, എ.ആർ -മാർ (പരീക്ഷ വിഭാഗം)
5. എൻ.എസ്.എസ് പ്രോഗ്രാം കോ ഓർഡിനേറ്റർ. എൻ .എസ് എസ് സെക്ഷൻ
6. ഡി എസ് എസ് ഡയറക്ടർ , ഡി എസ് എസ് സെക്ഷൻ
7. സി ബി സി എസ് എസ് സെക്ഷനുകൾ .
8. ഇ ഐ സെക്ഷനുകൾ
9. ഇ എച്ച് സെക്ഷനുകൾ .
10. ഇ എ , ഇ ബി സെക്ഷനുകൾ
11.റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 90604/NSS SO/2024/NSS Approved by ASSISTANT REGISTRAR III (ACADEMIC) on 20-Sep-2024 11:22 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം